**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4930** **04-07-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണ കരാർ ഏത് സ്ഥാപനത്തിനാണ് നൽകിയതെന്ന് വിശദമാക്കുമോ; | (എ) | തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡുകളുടെ നിർമ്മാണം പ്രവർത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കരാർ പ്രകാരം എന്നാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടതെന്ന് അറിയിക്കാമോ; | (ബി) | തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡുകളുടെ നിർമ്മാണം പ്രവർത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം നഗരത്തിലെ കലാഭവൻ മണി റോഡ്, മാനവീയം വീഥി എന്നീ റോഡുകൾ സ്മാർട്ട് റോഡുകളാക്കി പണി പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. വി.ജെ.ടി. ഹാൾ - ഫ്ലൈഓവർ റോഡ് BM & BC വർക്കുകൾ വരെ പൂർത്തീകരിച്ചിട്ടുണ്ട്. സ്പെൻസർ - ഗ്യാസ് ഹൗസ് റോഡ്, സ്റ്റാച്യു - ജനറൽ ഹോസ്പിറ്റലൽ റോഡ്, നോർക്ക - ഗാന്ധിഭവൻ റോഡ്, സി.വി.രാമൻപിള്ള റോഡ്, ജനറൽ ഹോസ്പിറ്റൽ - വഞ്ചിയൂര് റോഡ് എന്നിവ BM layer ടാറിംഗ്പൂർത്തിയാക്കിയിട്ടുണ്ട്. ഇവ ഗതാഗതത്തിന് തുറന്നു കൊടുത്തു. ബാക്കി പ്രവർത്തികൾ പുരോഗമിക്കുന്നു. കിള്ളിപ്പാലം - അട്ടക്കുളങ്ങര റോഡ്, തൈക്കാട് ഹൗസ് - കീഴെ തമ്പാനൂർ റോഡ്, ഉപ്പിലാമൂട് - ഓവർബ്രിഡ്ജ് റോഡുകൾ ഭാഗികമായി BM വർക്കുകൾ പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. ബേക്കറി ജംഗ്ഷൻ - ഫോറസ്റ്റ് ഓഫീസ് റോഡ് ഡക്റ്റ് വർക്കുകൾ, കുടിവെള്ള പൈപ്പ് ലൈൻ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചു. BM layer ടാറിംഗ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>മേൽ പറഞ്ഞ സ്മാർട്ട് റോഡുകൾ കൂടാതെ BM & BC ടാറിംഗ് ചെയ്ത് ഫുട്ട്പാത്ത്, ഓട നിർമ്മാണം |

| | | | |
|---|---|---|---|
| | | | എന്നീ പ്രവൃത്തികൾ പൂർത്തിയായ 25 റോഡുകൾ ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | റോഡിന്റെ പേര് | കോൺട്രാക്ടറുടെ പേര് | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തീയതി |
|---|---|---|---|
| 1. | മാനവീയം വീഥി | ഷാബു. ബി | 21.08.2023 |
| 2. | റോസ് ഹൗസ്, പനവിള റോഡ് (കലാഭവൻ റോഡ്) | യു.എൽ.സി.സി.എസ് | 18.09.2023 |
| 3. | സ്പെൻസർ – ഗ്യാസ് ഹൗസ് ജംഗ്ഷൻ | ടെക്മന്ത്ര എഞ്ചിനീയേഴ്സ് & കോൺട്രാക്ടേഴ്സ് | 12.12.2023 |
| 4. | വി.ജെ.ടി. ഹാൾ ഫ്ലൈഓവർ റോഡ് | ടെക്മന്ത്ര എഞ്ചിനീയേഴ്സ് & കോൺട്രാക്ടേഴ്സ് | 28.12.2023 |
| 5. | തൈക്കാട് ഹൗസ് – കീഴേ തമ്പാന്നൂർ റോഡ് | എസ്. ശാന്തമ്മ | 08.03.2024 |
| 6. | കിള്ളിപ്പാലം – അട്ടക്കുളങ്ങര | താജുദ്ദീൻ | 04.05.2024 |
| 7. | സ്റ്റാച്യു – ജനറൽ ഹോസ്പിറ്റൽ | സുധീർ. എസ് | 04.04.2024 |
| 8. | ഫോറസ്റ്റ് ഓഫീസ് ജംഗ്ഷൻ – ബേക്കറി ജംഗ്ഷൻ റോഡ് | സുധീർ. എസ് | 04.04.2024 |
| 9. | നോർക്ക – ഗാന്ധി ഭവൻ റോഡ് | സുധീർ. എസ് | 05.03.2024 |
| 10. | ജനറൽ ഹോസ്പിറ്റൽ – വഞ്ചിയൂർ റോഡ് | സുധീർ. എസ് | 04.04.2024 |
| 11. | ഓവർ ബ്രിഡ്ജ് – ഉപ്പിലാമ്മൂട് ജംഗ്ഷൻ | സുധീർ. എസ് | 04.04.2024 |
| 12. | ആൽത്തറ – ചെന്തിട്ട | യു.എൽ.സി.സി.എസ് | 03.05.2024 |
| 13. | 28 റോഡുകളുടെ റീ സർഫസിംഗ് | ശ്രീധന്യ കൺസ്ട്രക്ഷൻസ് കമ്പനി | 04.05.2024 |

**സെക്ഷൻ ഓഫീസർ**